<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154</u> <u>04-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കോവിഡ് പരിശോധനകളും മൂന്നാം തരംഗം നേരിടലും.</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയിൽ കോവിഡ് നേരിടുന്നതിന് വേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി : വാർഡുകൾ, ഐ.സി.യു എന്നിവ സജ്ജീകരിക്കുകയും, കോവിഡ് രോഗികളെ തുടക്കം മുതൽ തന്നെ ചികിത്സിച്ചു വരുകയും ചെയ്യുന്നു. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരെ കോവിഡ് മേഖലകളിലേയ്ക്ക് വിന്യസിച്ച് ചികിത്സ സുഗമമായി നടത്താൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. അമ്പലപ്പുഴ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ കോവിഡ് 19 ലക്ഷണങ്ങളുള്ളവരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കുന്നു. സമ്പർക്കപ്പട്ടിക തയ്യാറാക്കി സമ്പർക്കത്തിലുള്ളവർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. പാലിയേറ്റീവ് രോഗികൾക്ക് ഉൾപ്പെടെ വാക്സിനേഷൻ നടത്തുന്നു. ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവരെ പോലീസിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടെ നിരന്തരം നിരീക്ഷിക്കുകയും ആവശ്യം വേണ്ട മെഡിക്കൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ആശുപത്രി കേന്ദ്രീകരിച്ച് പോസ്റ്റ് കോവിഡ് ക്ലിനിക്ക് നടത്തുന്നു. ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവർക്ക് പോലീസിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയോജനത്തോടെ ഇവരെ നിരീക്ഷിച്ച് ഗുരുതരമായ രോഗികളെ ചികിത്സാവശ്യാനുസരണം ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഇപ്പോൾ നിലവിലുള്ള പീഡിയാട്രിക് CCG ക്രമീകരണങ്ങൾക്ക് പുറമേ പുതിയതായി 12 കോവിഡ് പീഡിയാട്രിക് ICU ബെഡുകളും 24 HDU ബെഡുകളും പീഡിയാട്രിക് വർക്ക് പ്ലാനിന്റെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്നു. ജനറൽ ആശുപത്രി, ആലപ്പുഴ : 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രയാജ് പ്രവർത്തിച്ചു വരുന്നു. നിലവിൽ 20 ബെഡ്ഡുകളുണ്ട്. ഇത് 163 വരെ ഉയർത്തുവാൻ സാധിക്കുന്നതാണ്. വെന്റിലേറ്റർ സൗകര്യമുള്ള 5 |

| | | | |
|---|---|---|---|
| | | | ഐസിയു ബെഡ്ഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റിബോഡി നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദിനംപ്രതി 2500 പേർക്ക് വാക്സിനേഷൻ നൽകുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എൻഎച്ച്എം മുഖേന അധിക ജീവനക്കാരെ ലഭ്യമാക്കിയിട്ടുണ്ട്. ഐസിയു വിലെ ഡ്യൂട്ടിക്കായി മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ദിവസം 1000 കോവിഡ് ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 1000 LPM കപ്പാസിറ്റിയുള്ള ഓക്സിജൻ പ്ലാന്റ് പ്രവർത്തനക്ഷമമാണ്. വനിതാശിശു ആശുപത്രി, ആലപ്പുഴ : കോവിഡ് ചികിത്സയ്ക്ക് 200 ബെഡ് സൗകര്യം ലഭ്യമാണ്. 24 *7 ICL ആംബുലൻസ് സർവ്വീസ് ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് 25 കിടക്കകളുള്ള ഐസിയു യൂണിറ്റ് തയ്യാറാക്കി വരുന്നു. 1000 LPM കപ്പാസിറ്റിയുള്ള ഓക്സിജൻ പ്ലാന്റ് പ്രവർത്തിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന 95% വാക്സിനേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കോവിഡ് പരിശോധനകൾ നടത്തുന്നതിന് സർക്കാർ സംവിധാനങ്ങൾക്ക് പുറമെ സ്വകാര്യമേഖലയിൽ എന്തെങ്കിലും സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 25/09/2021 വരെയുള്ള ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിലും പ്രൈവറ്റ് മേഖലയിലുമായി 3020 ലാബുകളാണ് കോവിഡ് - 19 ടെസ്റ്റ് നടത്തുന്നത്. ഇതിൽ 27 ഗവൺമെന്റ് ലാബുകളും 72 പ്രൈവറ്റ് ലാബുകളും RTPCR ടെസ്റ്റ് നടത്തുന്നു. CBNAAT ടെസ്റ്റുകൾ നടത്തുന്നത് 14 ഗവൺമെന്റ് ലാബുകളിലും , 17 പ്രൈവറ്റ് ലാബുകളിലുമാണ്. TRUENAT ടെസ്റ്റ് നടത്തുന്നത് 30 ഗവൺമെന്റ് ലാബുകളിലും 56 പ്രൈവറ്റ് ലാബുകളിലുമാണ്. ആന്റിജൻ ടെസ്റ്റ് നടത്തുന്നത് 1586 ഗവൺമെന്റ് ലാബുകളിലും 1218 പ്രൈവറ്റ് ലാബുകളിലുമാണ്. (Out Source ചെയ്യപ്പെട്ട മൊബൈൽ ലാബുകൾ ഉൾപ്പെടെയുള്ള കണക്കുകൾ) |
| (സി) | മൂന്നാം തരംഗം കൂടുതലായി ബാധിക്കുക കുട്ടികളെയായിരിക്കും എന്നത് പരിഗണിച്ച് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ കുട്ടികൾക്കായി പ്രത്യേക വെന്റിലേറ്ററുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പീഡിയാട്രിക് അടിയന്തര ചികിത്സാ സംവിധാനങ്ങൾ, തീവ്ര പരിചരണ കിടക്കകൾ, ഓക്സിജൻ ലഭ്യതയുള്ള കിടക്കകൾ, മരുന്നുകളും മറ്റ് ചികിത്സാ സാമഗ്രികളും എന്നിവ ലഭ്യമാക്കി സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ കൂടുതലായി ബാധിക്കപ്പെട്ടാൽ വേണ്ടി വന്നേക്കാവുന്ന അധിക സാമഗ്രി - മാനവ വിഭവശേഷി ആവശ്യങ്ങൾ തിട്ടപ്പെടുത്തി Paediatric Surge Plan തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം അധിക |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾ ഓരോ കോളേജിലും ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ആകെ 122 എണ്ണം പീഡിയാട്രിക് വെന്റിലേറ്ററുകൾ ഉണ്ട്. ഇതിൽ 79 എണ്ണം Invasive ആണ്. പീഡിയാട്രിക് കോവിഡ് കേസുകൾ കൂടുന്ന സാഹചര്യം ഉണ്ടായാൽ എല്ലാ മെഡിക്കൽ കോളേജിലും ആവശ്യാനുസരണം പീഡിയാട്രിക് വെന്റിലേറ്ററുകൾ വർദ്ധിപ്പിക്കുന്നതിനുള്ള Paediatric Surge Action Plan തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ആരോഗ്യ പ്രവർത്തകർക്കും ഉള്ള തുടർ പരിശീലനം നിരന്തരം നൽകി വരുന്നു. കൂടാതെ, താലൂക്ക്/ജില്ലാ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഹൈ ഡിപ്പന്റൻസി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ